കേരള സർക്കാർ

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- പൊന്നാനി താലൂക്ക് ലൈബ്രറി കൗൺസിലിന് ഭൂമി വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1215/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 27-4-2012

---

പരാമർശം :-

1. പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ 25-2-11 -ലെ 4 (2) നമ്പർ തീരുമാനം.
2. പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23-7-2011-ലെ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 16-1-2012-ലെ 22026/ജെ.ആർ.വൈ 2/2011/ഗ്രാ.വി.ക നമ്പർ കത്ത്.

<u>ഉത്തരവ്</u>

പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഗവേഷണ പരിശീലനത്തിലേർപ്പെടുന്നവർക്കും സൗകര്യപ്രദമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ റഫറൻസ് ലൈബ്രറി ഉൾപ്പെടെയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ 10 (പത്ത്) സെന്റ് സ്ഥലം പൊന്നാനി താലൂക്ക് ലൈബ്രറി കൗൺസിലിന് അനുവദിക്കുന്നതിന് അപേക്ഷിക്കുവാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരിൽ അനുമതിക്ക് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ 10 (പത്ത്) സെന്റ് സ്ഥലം അതിന്റെ ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ തന്നെ നിലനിർത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ റഫറൻസ് ലൈബ്രറി ഉൾപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്നതിന് പൊന്നാനി താലൂക്ക് ലൈബ്രറി കൗൺസിലിന് അനുവാദം നൽകുവാൻ ഗ്രാമവികസന വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് , എടപ്പാൾ പി.ഒ, മലപ്പുറം
സെക്രട്ടറി, പൊന്നാനി താലൂക്ക് ലൈബ്രറി കൗൺസിൽ, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.